have made subsequent to the statements made on behalf of the Government in answer to Question No. 64 of 1113 Vrischigam meeting of the Council regarding their Rural Reconstruction Scheme?

Mr. P. J. George *(Joint Secretary to Government).*— Government have already ordered the starting of a Rural Reconstruction Centre at Ollur with effect from 1st March 1938. Steps are now being taken to acquire the necessary lands, and to construct suitable buildings, etc., for the purpose.

169. Mr. K. M. Kunhi Moideen *(Kattur).*— Will the Government be pleased to state whether they have received any scheme from Mr. Kochukrishna Menon who is a teacher in the Vellangallur Primary School?

Rao Sahib I. N. Menon *(Director of Public Instruction).*— Yes.

Disbursement of pay—teachers—Vellany School—complaints regarding.

൧൭൦. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറു സദയം മറുപടി പറയുമോ:—

(൧) വെള്ളാനി സ്കൂൾ അദ്ധ്യാപകന്മാർ അവരുടെ ശമ്പളം ശരിക്കു കിട്ടുന്നില്ലെന്നും മറും കാണിച്ചു വകുപ്പധികൃതന്മാർക്കു് കഴിഞ്ഞ ഇടവം ൨-ാംന്ന-യും അതിനുശേഷവുമായി ഇതുവരെ ഏതു ഹർജികൾ ബോധിപ്പിച്ചിട്ടുണ്ടു്;

(൨) അതുകളെ സംബന്ധിച്ചു് ഗവൺമെൻറു് ശരിയായ അന്വേഷണം നടത്തീട്ടുണ്ടോ;

(൩) ഉണ്ടെങ്കിൽ ആ ഹർജി സംഗതികൾ സത്യമാണെന്നു ബോദ്ധ്യംവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ

(൪) ആ സംഗതിയിൽ ഗവൺമെൻറു് എന്തു നടപടിയാണു നടത്തീട്ടുള്ളതു്;

(൫) കഴിഞ്ഞ ഇടവം ൨-ാംന്ന-യും അതിനുശേഷവും അദ്ധ്യാപകന്മാർ ബോധിപ്പിച്ചിട്ടുള്ള ഹർജികളുടെ പകർപ്പുകൾ ഓരോ കൌൺസിലുടേയും മേശപ്പുറത്തു വെക്കാമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*—

(൧) മൂന്നു്.

LIBRARY ARCHIVES Kerala Legislative Assembly

(ഛ) ഉവ്വ്.

(ന) ഹർജികളിൽ പറഞ്ഞ സംഗതികൾ മുഴുവൻ സത്യമാണെന്നു ബോദ്ധ്യംവന്നിട്ടില്ല.

(ര) അദ്ധ്യാപകന്മാർക്കു കൊടുപ്പാനുള്ള ശമ്പളബാക്കി ഉടനെ കൊടുക്കാത്തപക്ഷം സ്കൂളിന്റെ അംഗീകരണം പിൻവലിപ്പാൻ ഡിപ്പാർട്ടുമെൻറു നിർബന്ധിതമാകുമെന്നും മേലിൽ അത്തരത്തിലുള്ള ആക്ഷേപങ്ങൾക്കു വഴിയുണ്ടാക്കരുതെന്നും മാനേജരെ അറിയിച്ചു. അദ്ധ്യാപകന്മാർ വേണ്ടപോലെ മാനേജരോടു സഹകരിക്കുന്നില്ലെന്നതോന്നുകയാൽ അവർക്കും വേണ്ട ഉപദേശവും കൊടുത്തിട്ടുണ്ട്.

(ഭ) ഹർജികളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix I.)*

Present Munsiffs and Registration Superintendent—service as Magistrates.

171. Mr. V. K. Krishnankutty *(Anthikad)*— Will the Government be pleased to state.—

1. the periods for which the present Munsiffs and Registration Superintendent have served as Magistrates;

2. the dates on which they were first appointed Magistrates;

3. the periods for which the present Magistrates have served as such?

Rama Varmha Tampuran *(Comptroller of Accounts)*.— (1) and (2) Please see statement appended. *(Appendix II.)*

(3) Please see statement appended. *(Appendix III).*

Budget of 1112—amounts lapsed under each head.

172. Mr. T. A. Ramachandra Ayyar *(Nellayi)*.— Will the Government be pleased to state the total amount sanctioned in the budget but lapsed under each of the budget heads in 1112?

Rama Varmha Tampuran *(Comptroller of Accounts)*.— Please see statement appended. *(Appendix IV).*

Co-operative Unions in the State—working of.

173. Mr. A. Narayana Menon *(Vyttila)*.—Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly

(2) Attempts to sink the differences are being made with varying success.

(3) It is too early to say.

(4) The new committee is given sanction to proceed against the old committee in a Court of Law.

APPENDIX I.

(*Question No. 170.*)

Petition No. 1.

മഹാരാജമാന്യരാജശ്രീ വടക്കെ ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടർ അവർകളുടെ സമക്ഷത്തിങ്കൽ വെള്ളാനി അധഃകൃതോദ്ധാരണി സ്കൂളിലെ അദ്ധ്യാപകന്മാരായ താഴെ പേരെഴുതി ഒപ്പിട്ടവർ ബോധിപ്പിന്ന ഹർജി.—

പ്രസ്തുത സ്കൂളിലെ അദ്ധ്യാപകന്മാരും മാനേജരും തമ്മിൽ നടന്നിരുന്ന ശമ്പളക്കാര്യത്തെപ്പറ്റി അന്വേഷിപ്പാൻ സമക്ഷത്തിങ്കൽനിന്നും ൨൦—൯—൧൯൨൨-ൽ സ്കൂളിൽ വന്നിരുന്ന സമയം സമക്ഷത്തിങ്കൽനിന്നും മിസ്റ്റർ കെ. എസ്സ്. പണിക്കർ എം. എൽ. സി. യും ക്രടി ചെയ്ത തീർപ്പു ഞങ്ങളും മാനേജരവർകളും പരസ്പരം സമ്മതിക്കുകയും അതിനെ അനുകരിച്ചു മേലാൽ സ്കൂൾ വക സകല ചിലവുകളും ശമ്പളത്തിന്റെ ക്രടുതൽ കുറവനുസരിച്ചു ഓഹരിപ്രകാരം ഞങ്ങൾ വഹിച്ചുകൊള്ളാമെന്നും ശമ്പളബില്ലുകൾ ഹെഡ് മാസ്റ്റർ അവർകളുടെ പേരിൽ അധികാരപ്പെടുത്തിത്തന്നാൽ മതിയെന്നും ചിലവുകൾ ചെയ്യുന്നതും മറ്റും അദ്ധ്യാപക കമ്മിറ്റി രൂപീകരിച്ചും കമ്മിറ്റിയിൽനിന്നും ചിലവു ചെയ്തുകൊള്ളാമെന്നും മറും ഒരു സ്റ്റോറുമെണ്ടു മാനേജരവർകൾക്കും കൊടുക്കുകയും അതു മാനേജർ സമ്മതിച്ചു അവിടത്തെ മുമ്പാകെ വെച്ചു ഒപ്പിട്ടുകയും ചെയ്തിട്ടുള്ളതും അന്നുമുതൽ മാനേജർ അവർകൾ ബില്ലുകൾ ഹെഡ് മാസ്റ്റർ അവർകൾക്കു അധികാരപ്പെടുത്തിവരുന്നതുമാകുന്നു.

പ്രസ്തുത സ്റ്റോറുമെണ്ടിലെ താല്പര്യപ്രകാരം ഹെഡ് മാസ്റ്ററവർകൾ അദ്ധ്യക്ഷനായി അദ്ധ്യാപകന്മാരുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും കെട്ടിടത്തിന്റെ കെട്ടിമേച്ചിൽ മുതലായ ചിലവുകളിലേക്കും സ്കൂൾ തുറക്കുന്ന സമയം ഉണ്ടാവുന്ന ചിലവുകളിലേക്കും ഉറുപ്പിക ന്നിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരണവീതം എടുപ്പാനും പിന്നീട് അതാതു മാസത്തെ ചിലവുകളും അതാതുമാസത്തെ ബില്ലുകളും വരുമ്പോൾ ഓഹരിപ്രകാരം എടുക്കാനും ചിലവുകൾ കമ്മിറ്റി തീരുമാനമനുസരിച്ചു ചെയ്യുവാനും കമ്മിറ്റിയോഗത്തിൽ തീർപ്പു ചെയ്തിരുന്നു. ഈ റിക്കാർട്ടുകളും എല്ലാം തല്ക്കാലം ഹെഡ്മാസ്റ്റർ അദ്ദേഹത്തിന്റെ മേശയിൽ വയ്ക്കുകയും പിന്നീട് റിക്കാർട്ടുകൾ തരാതിരിക്കുകയും കമ്മിറ്റി യോഗം കൂട്ടുവാൻ അദ്ദേഹം വിസമ്മതിക്കുകയും ചെയ്തിരിക്കുന്നുവെന്നു മാത്രമല്ല ആ സംഖ്യകൾ ഖജാൻജി വശം ഏല്പിക്കുകയാകട്ടെ ചിലവുചെയ്യേണ്ടതിനെപ്പറ്റി ഞങ്ങളോട് ആലോചിക്കുകയാകട്ടെ ഒന്നുംതന്നെ ചെയ്തിട്ടില്ല.

സ്കൂളിൽ ഇതുവരെ മാനേജർ അവർകളുടെ പേരിൽ ഉണ്ടായിരുന്ന ആക്ഷേപങ്ങൾക്ക് മുഴുവൻകാരണവും ഹെഡ്മാസ്റ്ററായിരുന്നുവെന്നാണ് ഹെഡ്മാസ്റ്ററുടെ ഇപ്പോഴത്തെ പ്രവൃത്തി വെളിപ്പെടുത്തുന്നത്. ഇനിയും സ്കൂളിൽ പല കുഴപ്പങ്ങളും ഉണ്ടാക്കിത്തീർക്കുന്നതല്ലേ ഇദ്ദേഹത്തിന്റെ ഇത്തരം പ്രവൃത്തികൾ എന്നു ബലമായി സംശയിക്കുകയും ചെയ്യുന്നു.

അതുകൊണ്ടു സമക്ഷത്തിങ്കൽനിന്നും ദയവുണ്ടായി ഡ—ൈ—ഫ്ഫഡ-ൽ ഞങ്ങൾ കൊടുത്ത സ്റ്റേറുമെൻറനുസരിച്ച് എർപ്പെടുത്തീട്ടുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം നടക്കുന്നതിന്നും ഇതുവരെ എടുത്ത പിരിവുകൾ ചിലവുചെയ്യുന്നതു കമ്മിറ്റി തീരുമാനപ്രകാരം ചിലവുചെയ്യുന്നതിന്നും അനാവശ്യമായി മേലാൽ യാതൊരു കുഴപ്പവും ഉണ്ടാകാതിരിപ്പാനും ഹെഡ്മാസ്റ്റർ അവർകളെ ഉപദേശിച്ചോ മറ്റോ സങ്കടം തീർത്തുതരുവാൻ വളരെ വണക്കമായും താഴ്മയായും അപേക്ഷിക്കുന്നു.

എന്നു ഫ്ഫഡ ഇടവം ഡ-ാംനു--

ഫ. പി. പി. കണ്ണപ്പൻ.

ഡ. എ. പി. ദേവസ്സി.

ന. സി. രാമൻനമ്പ്യാർ.

ര. എ. ഗോവിന്ദമേനോൻ.

ള. എ. എൽ. ദേവസ്സി.

ന്യ. കെ. സി. റോസ്സ.

(നേർപകർപ്പ്).

LIBRARY ARCHIVES Kerala Legislative Assembly

Petition No. 2.

മഹാരാജമാന്യരാജശ്രീ വടക്കെ ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടർ അവർകളുടെ സമക്ഷത്തിങ്കൽ വെള്ളാനി അധഃകൃതോദ്ധാരണി സ്കൂളിലെ അദ്ധ്യാപകന്മാരായ താഴെ പേരെഴുതി ഒപ്പിട്ടനാവർ ബോധിപ്പിക്കുന്ന റിമയിൻറർ പെറിഷൻ.

കഴിഞ്ഞ ഏടവം ൨-ാംനു- ഞങ്ങൾ സമക്ഷത്തിങ്കലേക്കു ബോധിപ്പിച്ചിരുന്ന ഹർജിക്കു ഇതുവരെ യാതൊരു ഉത്തരവും ഉണ്ടായിക്കാണായ്കയാലും ഹെഡ്മാസ്റ്ററും ഞങ്ങളും തമ്മിലുള്ള അതൃപ്തി ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാലും ഞങ്ങൾ അത്യധികം വ്യസനിക്കുന്നു.

അതുകൊണ്ടു സമക്ഷത്തിങ്കൽനിന്നും ഭയവുണ്ടായി മേൽപറഞ്ഞ ഹർജിക്കു ന്യായവും സത്യവുമനുസരിച്ചു് അനുകൂലമായ ഒരു ഉത്തരവുണ്ടാവാനും ഇതുവരെ ഞങ്ങളുടെ ശമ്പളത്തിൽനിന്നും അനധികൃതമാംവണ്ണം ഹെഡ്മാസ്റ്റർ അവർകൾ എടുത്തിട്ടുള്ള സംഖ്യയിൽനിന്നു് ഞങ്ങൾ സമ്മതിക്കുന്ന ചിലവുകൾ കഴിച്ചു് ബാക്കി സംഖ്യ ഞങ്ങൾക്കു മടക്കിത്തരുവിച്ചും സങ്കടം തീർത്തു രക്ഷിപ്പാൻ വളരെ വണക്കമായും താഴ്മയായും അപേക്ഷിക്കുന്നു.

എന്നു ഫഫഫ കക്കടകം ഫ൨-ാംനു-.

ഫ. പി. പി. കണ്ണപ്പൻ. നു. എ. എൽ. ദേവസ്സി.
൨. എ. പി. ദേവസ്സി. ൪. സി. രാമൻനമ്പ്യാർ.
൫. കെ. സി. റോസ്സ.

(നേർപകർപ്പു്).

Petition No. 3.

മഹാരാജമാന്യരാജശ്രീ വടക്കെ ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടർ അവർകളുടെ സമക്ഷത്തിങ്കൽ വെള്ളാനി അധകൃതോദ്ധാരണി സ്കൂളിലെ അദ്ധ്യാപകന്മാരായ താഴെ പേരെഴുതി ഒപ്പിട്ടനാവർ ബോധിപ്പിക്കുന്ന ഹർജി.

കഴിഞ്ഞ ഇടവം ൨-ാംനു- ഞങ്ങൾ സമക്ഷത്തിങ്കൽ ബോധിപ്പിച്ച ഹർജിക്കാകട്ടെ കഴിഞ്ഞ കക്കടകം ഫ൨-ാം നു- ബോധിപ്പിച്ച റിമയിൻറർ പെറിഷനാകട്ടെ ഇതുവരെ യാതൊരു ഉത്തരവും ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

ക്കാണായ്കയാലും ഹെഡ് മാസ്റ്ററുടെ പ്രവൃത്തിക്കു യാതൊരു മാറ്റവും വന്നുകാണായ്കയാലും വ്യസനിക്കുന്നു. വിശിഷ്യ, കഴിഞ്ഞ കർക്കടകമാസത്തെ ശമ്പളബിൽ ഒപ്പിട്ടുകൊടുത്തിട്ട് ഇതുവരെയും ഞങ്ങൾക്കു ശമ്പളം കിട്ടീട്ടില്ല. അതിനാൽ ചിങ്ങമാസത്തെ ബിൽ ഒപ്പിട്ട കൊടുത്തിട്ടുമില്ല. നിസ്സാര ശമ്പളക്കാരായ ഞങ്ങൾ ഈ ക്ഷാമകാലത്തു് തുടച്ചയായി രണ്ടു മാസത്തെ ശമ്പളം കിട്ടാതെ വളരെ കഷ്ടത്തിലായിരിക്കുന്നു. സമക്ഷത്തിങ്കലേയും ഈ സ്കൂൾ സ്ഥാപകനായ മി. കെ. എസ്സ്. പണിക്കർ എം. എൽ. സി. യുടേയും മുമ്പാകെവെച്ചു മാനേജർ അവർകൾക്കു കൊടുത്ത ഞങ്ങളുടെ സ്റ്റേറുമെൻറനുസരിച്ചു് പ്രവൃത്തിക്കാത്ത ഹെഡ് മാസ്റ്ററവർകളുടെ അനർഹമായ പ്രവൃത്തിയെപ്പറ്റി കഴിഞ്ഞ ഇടവം ൨൰ാം തീ- യും കർക്കടകം ൧൰ാംതീ- യും സമക്ഷത്തിങ്കൽ ബോധിപ്പിച്ച ഹർജികാര്യങ്ങളിൽ സമക്ഷത്തിങ്കൽനിന്നും ഔദ്യോഗികമായി യാതൊന്നും ഇതുവരെ പ്രവൃത്തിച്ചുകാണായ്കയാൽ മേൽപറഞ്ഞ സ്റ്റേറുമെൻറു പിൻവലിപ്പാൻ അവിടന്നു് അനുവദിച്ചുത്തരവുണ്ടാകുവാനും കഴിഞ്ഞ കർക്കടകം മുതൽക്കുള്ള ശമ്പളം മാനേജർ അവർകളെക്കൊണ്ടു് ഉടനെ ഞങ്ങൾക്കു തരുവിച്ചും സങ്കടം തീർത്തും രക്ഷിപ്പാൻ വളരെ വണക്കമായും താഴ്മയായും അപേക്ഷിക്കുന്നു.

എന്നു് ഫലാനാ കന്നി ൧൰ാം തീ-.

൧. പി. പി. കണ്ണപ്പൻ (ഒപ്പു്),
൨. എ. പി. ദേവസ്സി (ഒപ്പു്),
൩. സി. രാമൻനമ്പ്യാർ (ഒപ്പു്),
൪. കെ. സി. റോസ്സ (ഒപ്പു്).

(നേർപകർപ്പു്).

LIBRARY ARCHIVES Kerala Legislative Assembly